SAHRUDAYA
WELFARE SERVICES ERNAKULAM

# സഹൃദയ വീഥി

വെൽഫെയർ സർവീസസ് എറണാകുളം
പ്രതിവാര വാർത്താ പത്രിക

Vol. : 1 23 August 2021 Issue : 12


## ഭിന്നശേഷിക്കാർക്ക് സൗജന്യ പൾസ് ഓക്സി മീറ്റർ വിതരണം ചെയ്തു



എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ ഭിന്നശേഷിക്കാരുടെ ക്ഷേമ, പുനരധിവാസ പ്രവർത്തനങ്ങൾ ക്കുള്ള സഹൃദയ സ്പർശൻ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാർ ക്കായി സൗജന്യ പൾസ് ഓക്സി മീറ്റർ വിതരണം ചെയ്തു. ഭിന്നശേഷി ക്കാരുടെ കൂട്ടായ്മയായ സഹൃദയ സ്പർശൻ ജില്ലാ ഫെഡറേഷൻറെ നേതൃത്വത്തിൽ അങ്കമാലി സുബോധന പാസ്റ്ററൽ സെൻററിൽ സംഘടിപ്പിച്ച യോഗത്തിൽ റോജി.എം. ജോൺ എം.എൽ.എ വിതരണോദ്ഘാടനം നിർവ ഹിച്ചു. കോവിഡ് ഭീതി നാട്ടിൽ നിന്നൊഴിവാക്കുന്നതിനായുള്ള പരിശ്രമങ്ങളിൽ എല്ലാവരും ആത്മവിശ്വാസത്തോടെ പങ്കുചേരണമെന്നും സമൂഹത്തി ന്റെ മുഖ്യധാരയിൽ നിന്ന് മാറിനിൽക്കുന്നവരെ പ്രത്യേക കരുതലോടെ പരിഗണിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്കമാലി ഫൊറോ നാ വികാരി ഫാ. ജിമ്മി പൂച്ചക്കാട്ട് അധ്യക്ഷനായിരുന്നു. സഹൃദയ ഡയറ ക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൻ സിൽ മൈപ്പാൻ , അങ്കമാലി മേഖല ഡയറക്ടർ ഫാ. ജിമ്മി കുന്നത്തൂർ, ജില്ലാ ഫെഡറേഷൻ പ്രസിഡൻറ് വി.ജി .അനിൽ ശ്രീമൂലനഗരം, സ്പർശൻ കോഓർഡിനേറ്റർ സെലിൻ പോൾ എന്നിവർ സംസാരിച്ചു. ഭിന്നശേഷിക്കാരുടെ സ്പർശൻ സ്വയം സഹായ സംഘങ്ങൾ വഴി 100 പേർക്കാണ് പൾസ് ഓക്സിമീറ്റർ വിതരണം ചെയ്തത്.

## സൗജന്യ വാക്സിനേഷൻ കാമ്പയിൻ നടത്തി




എറണാകുളം : കോവിഡ് ഭീതിയിൽ വാക്സിൻ ലഭിക്കാതെ ബുദ്ധിമുട്ടുന്നവർക്ക് സൗജന്യ വാക്സിനേഷൻ ഒരുക്കി റിലയൻസ് ഫൗണ്ടേഷനും സഹൃദയയും. എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹ്യപ്രവർത്തനവിഭാഗമായ സഹൃദയയുടെ നേതൃത്വത്തിൽ റിലയൻസ് ഫൗണ്ടേഷനും, പ്രവാസി ബന്ധു സേഫ് മൈഗ്രഷൻ പ്രോഗ്രാമുമായി സഹകരിച്ചാണ് സൗജന്യ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചത്.

കോവിഡ് മൂന്നാം തരംഗത്തിന് മുന്നോടിയായി ഇനിയും വാ ക്സിൻ ലഭിക്കാത്തവർക്ക് സൗജന്യ വാക്സിൻ ലഭ്യമാക്കുകയാണ് ഈ വാക്സിനേഷൻ കാമ്പിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോ സഫ് കൊളുത്തുവെള്ളിൽ അറിയിച്ചു. കളമശ്ശേരി കിൻഡർ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ വെച്ച് നടന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരി ക്കുകയായിരുന്നു അദ്ദേഹം. അതിഥി തൊഴിലാളികൾക്ക് പുറമേ കോവിൻ പോർട്ടലിൽ രജിസ്റ്റർ ചെയ്ത നൂറോളം പേർക്കാണ് ആദ്യഘട്ടമെന്നോണം വാ ക്സിൻ നൽകിയത്. അയ്യായിരത്തോളം പേർക്ക് സൗജന്യ വാക്സിനേഷൻ നൽകുവാനാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് അദ്ദേഹം അറിയിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി അതിഥി തൊഴിലാളികൾക്ക് മാസ്ക്, ഫേസ് ഷീൽഡ്, സാനിറ്റൈസർ എന്നിവ അടങ്ങിയ ഹൈജീൻ കിറ്റുകളും വിതരണം ചെയ്തു. റിലയൻസ് ഫൗണ്ടേഷൻ പ്രതിനിധി അനൂപ് രാജൻ, സഹൃദയ സ്റ്റാഫ് അംഗങ്ങളായ ലാൽ കുരിശിങ്കൽ, അനന്തു ഷാജി, ആഷ്ബിൻ ആന്റോ എന്നിവർ ചടങ്ങിൽ പങ്കെ ടുത്തു.